# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 555 - 19.03.2013-ലെ മറുപടിക്ക്**

## ബി.കെ. ചതുർവേദി കമ്മിറ്റി ശുപാർശ

**ചോദ്യം**

**ശ്രീ. സി. കെ. സദാശിവൻ**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**

(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ബി.കെ. ചതുർവേദി കമ്മിറ്റി ശുപാർശയനുസരിച്ച് കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം വേണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ; | കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനങ്ങളുടെ സാഹചര്യമനുസരിച്ച് മാറ്റം വരുത്തുന്നതിന് കേരളം നിരവധി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതുംകൂടി പരിഗണിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ ബി.കെ.ചതുർവേദി കമ്മിറ്റിയെ നിയമിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനരൂപീകരിക്കുന്നതിനും മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നതിനും കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തിൽ ഉണ്ടായിരുന്ന 173 കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്രസഹായ പദ്ധതികളും 70 പദ്ധതികളായി പുനക്രമികരിക്കുമെന്നും ഓരോ പദ്ധതിയും രണ്ട് വർഷത്തിലൊരിക്കൽ അവലോകന വിധേയമാക്കുമെന്നും 2013-14 ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ, ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം സ്വാതന്ത്ര്യമാണ് സംസ്ഥാനത്തിന് ലഭിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | |

**സെക്ഷൻ ഓഫീസർ**